# അഞ്ചാമത്
# അന്താരാഷ്ട്ര കേരളപഠന
# കോൺഗ്രസിനു
# മുന്നോടിയായി

കേരളം
INTERNATIONAL
CONGRESS ON
KERALA STUDIES



## ത്രിദിന സെമിനാർ

# അധികാര
# വികേന്ദ്രീകരണവും
# തദ്ദേശഭരണവും

**2025 ഫെബ്രുവരി 22-24**

**നായനാർ അക്കാദമി, കണ്ണൂർ**

---

**പാട്യം ഗോപാലൻ പഠനഗവേഷണകേന്ദ്രം, കണ്ണൂർ**

**എ.കെ.ജി. പഠന ഗവേഷണ കേന്ദ്രം**

01.01.2025

പ്രിയ സുഹൃത്തേ,

കേരളത്തിലെ അധികാര വികേന്ദ്രീകരണവും തദ്ദേശഭരണ സംവിധാനങ്ങളും നവകേരള നിർമ്മിതിയുടെ പശ്ചാത്തലത്തിൽ കൂടുതൽ ശക്തിപ്പെടുത്തുവാനും പുനക്രമീകരിക്കുവാനുമുള്ള വിശദമായ ചർച്ചകൾക്ക് വേദിയൊരുങ്ങുകയാണ്. 2025 ഫെബ്രുവരി 22, 23, 24 തീയതികളിലായി കണ്ണൂർ നായനാർ അക്കാദമിയിൽ ഇതിനായി വിപുലമായ സെമിനാർ സംഘടിപ്പിക്കുന്നു. ഈ വർഷം നടക്കുന്ന അഞ്ചാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ തയ്യാറെടുപ്പിന്റെ ഭാഗമായാണ് ഈ സെമിനാർ.

സ. ഇഎംഎസ് അധ്യക്ഷനായിരുന്ന ഒന്നാം ഭരണപരിഷ്കാര കമ്മീഷൻ വിഭാവനം ചെയ്ത അധികാര വികേന്ദ്രീകരണ പ്രക്രിയയും തദ്ദേശഭരണ സംവിധാനവും 1991-ലാണ് ജില്ലാ കൗൺസിലടക്കമുള്ള സംവിധാനങ്ങളിലൂടെ പ്രയോഗപഥത്തിലെത്തിക്കാനായത്. പിൽക്കാലത്ത് 1996-ൽ ആരംഭിച്ച ജനകീയാസൂത്രണം അധികാരവികേന്ദ്രീകരണത്തിൽ പുത്തനൊരധ്യായം രചിച്ചു. 73, 74 ഭരണഘടനാ ഭേദഗതി വിഭാവനം ചെയ്ത പഞ്ചായത്തീരാജ് നഗരപാലിക സംവിധാനങ്ങളെ ആശയതലത്തിലും പ്രയോഗത്തിലും ശക്തിപ്പെടുത്തുന്നതിൽ അത് നിർണ്ണായക പങ്കുവഹിച്ചു. കേരളം സൃഷ്ടിച്ച ഈ മാതൃക ഇന്ന് ലോകമെമ്പാടും ചർച്ച ചെയ്യുന്നു. ഇന്ത്യയൊട്ടാകെ അത് വ്യാപിപ്പിക്കപ്പെട്ടിരിക്കുന്നു.

2017-ൽ നവകേരള കർമ്മ പരിപാടിയുമായി ബന്ധപ്പെടുത്തി ജനകീയാസൂത്രണത്തെ പുനക്രമീകരിക്കുകയുണ്ടായി. ഇക്കാലമത്രയും നടന്ന പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകൾ എന്ന നിലയിലേക്ക് ഉയർന്നു. വെള്ളപ്പൊക്ക കാലത്തും കോവിഡ് കാലത്തും കേരളത്തിന്റെ ഈ കരുത്ത് തെളിയിക്കപ്പെട്ടു.

ഇനിയുമേറെ മുന്നേറാനുണ്ട്. അധികാര കേന്ദ്രീകരണ പ്രവണതകൾ ഇന്ത്യയിൽ ശക്തി പ്രാപിക്കുയാണ്. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ അധികാരവികേന്ദ്രീകരണവും തദ്ദേശഭരണ സംവിധാനവും പുതിയ വെല്ലുവിളികൾ ഏറ്റെടുക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ ചർച്ച ചെയ്യുവാനും ഭാവി രൂപരേഖ തയ്യാറാക്കാനുമാണ് ഈ സെമിനാർ. ഇതുവരെയുള്ള നേട്ടങ്ങൾ ഉറപ്പിച്ച്, ന്യൂനതകൾ പരിഹരിച്ച്, പുതിയ കാലത്തിന്റെ വെല്ലുവിളികളും ആവശ്യങ്ങളും നേരിടുന്ന നവകേരള സൃഷ്ടിക്കായുള്ള രൂപരേഖയാകുമത്.

ഈ സെമിനാറിൽ പങ്കെടുക്കുവാനും പ്രബന്ധം അവതരിപ്പിക്കുവാനും സെമിനാർ ചർച്ചകളിൽ പങ്കാളിയാകുന്നതിനും സാദരം ക്ഷണിക്കുന്നു.

**എസ്. രാമചന്ദ്രൻപിള്ള**
ചെയർമാൻ

**ഡോ. ടി.എം. തോമസ് ഐസക്**
സെക്രട്ടറി

പഠനകോൺഗ്രസ് അക്കാദമിക സമിതി

**ഡോ. ജിജു പി. അലക്സ്**
ചെയർമാൻ

**ഡോ. ജോയ് ഇളമൺ**
കൺവീനർ

സെമിനാർ അക്കാദമിക് സമിതി
അധികാരവികേന്ദ്രീകരണവും തദ്ദേശഭരണവും

## ഒന്നാംദിവസം

# ഉദ്ഘാടനസമ്മേളനവും അവതരണങ്ങളും

നാല് വേദികളിലായി താഴെപ്പറയുന്ന വിഷയങ്ങളിൽ പ്രത്യേകം ക്ഷണിക്കപ്പെട്ട വിദഗ്ധരുടെ അവതരണങ്ങളും ചർച്ചയും.

1. പഞ്ചായത്ത്/അനുബന്ധ നിയമ പരിഷ്കരണം
2. നഗരനയവും നഗരപാലിക/അനുബന്ധ നിയമ പരിഷ്കരണവും
3. ആസൂത്രണ, അംഗീകാര, നിർവഹണ നടപടിക്രമങ്ങൾ
4. മാസ്റ്റർ പ്ലാൻ, നിയമം
5. ജില്ല ആസൂത്രണ സമിതി, ജില്ല പദ്ധതി, മേട്രോപോളിറ്റൻ പ്ലാനിംഗ് കമ്മിറ്റി, ഇതര സംവിധാനങ്ങൾ - തിരഞ്ഞെടുപ്പ് കമ്മീഷൻ, ഓംബുഡ്സ്മാൻ, അപ്പെലെറ്റ് ട്രൈബ്യൂണൽ, കോർഡിനേഷൻ കമ്മിറ്റി, സംസ്ഥാന വികസന കൗൺസിൽ
6. തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും
7. കുടുംബശ്രീ
8. ലിംഗനീതിയും സ്ത്രീ ശാക്തീകരണവും
9. മാലിന്യ നിർമാർജനം
10. കാലാവസ്ഥ വ്യതിയാനവും ദുരന്ത നിവാരണവും
11. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി, ധന മാനേജ്മന്റ്, വിഭവ സമാഹരണം
12. കാര്യശേഷി വികസനം
13. സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പ്, അനുബന്ധ സ്ഥാപനങ്ങൾ
14. IT, ഇ-ഗവെർണൻസ്, ഡേറ്റ (പ്രാദേശിക വിവര സഞ്ചിക)
15. സദ്ഭരണം, അഴിമതി രഹിത തദ്ദേശഭരണം, സാമൂഹ്യ ഓഡിറ്റ്
16. നൂതനാശയങ്ങളും പുത്തൻ സാങ്കേതിക വിദ്യകളും
17. സാമൂഹ്യനീതി
18. പട്ടിക ജാതി പട്ടിക വർഗ വികസനം

## രണ്ടാംദിവസം

ഇതുവരെയുള്ള അനുഭവങ്ങളുടെയും പാഠങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അവതരണങ്ങൾ വിവിധ വേദികളിലായി നടക്കും. താഴെപ്പറയുന്ന വിഷയങ്ങളിലാണ് ഇവ അവതരിപ്പിക്കുന്നത്.

1. ദാരിദ്ര്യ നിർമാർജനവും ഉപജീവന പ്രവർത്തനങ്ങളും
2. ആരോഗ്യം
3. വിദ്യാഭ്യാസം
4. കൃഷിയും അനുബന്ധ മേഖലകളും
5. ജലസംരക്ഷണം, കുടിവെള്ളം
6. മാലിന്യ നിർമാർജനം
7. പാർപ്പിടം
8. പട്ടിക ജാതി വികസനം
9. പട്ടിക വർഗ വികസനം
10. വനിതാ സംവരണം, സ്ത്രീ ശാക്തീകരണം
11. ലിംഗനീതിയും ലിംഗസമത്വവും
12. കാലാവസ്ഥാ വ്യതിയാനം
13. ദുരന്ത നിവാരണം
14. ബാലസൗഹൃദ തദ്ദേശഭരണം

15. ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം
16. വയോസൗഹൃദ തദ്ദേശഭരണം
17. സാന്ത്വന ചികിത്സ
18. തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും
19. അധിക വിഭവ സമാഹരണം
20. തൊഴിലുറപ്പ് പദ്ധതി
21. സംയോജിത/സംയുക്ത പദ്ധതികൾ, നൂതന പ്രവർത്തനങ്ങൾ
22. IT, ഇ-ഗവേർണൻസ്
23. പശ്ചാത്തല മേഖല
24. നഗരഭരണം - മുനിസിപാലിറ്റികൾ
25. നഗരഭരണം - കോർപ്പറേഷനുകൾ
26. കുടുംബശ്രീ പ്രവർത്തനങ്ങൾ
27. കല, സാംസ്കാരിക പ്രവർത്തനങ്ങൾ
28. കായിക രംഗം

**വിദ്യാർത്ഥികൾക്കും യുവഗവേഷകർക്കും പ്രബന്ധങ്ങൾ അവതരിപ്പിക്കുവാൻ പ്രത്യേകവേദികൾ**

## മൂന്നാംദിവസം

- കേരളത്തിലെ അധികാരവികേന്ദ്രീകരണം - ഇന്നലെ, ഇന്ന്, നാളെ - മുൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിമാരുടെ സമ്മേളനവും അവരെ ആദരിക്കലും
- തദ്ദേശസ്വയംഭരണ സംവിധാനം ഇന്ത്യയിൽ - ദേശീയ സെമിനാർ

## സമയക്രമം

പ്രബന്ധാവതാരകർ **2025 ഫെബ്രുവരി 10**-നു മുമ്പ് 200-300 വാക്കുകളിൽ അധികരിക്കാത്ത സംഗ്രഹം (വേർഡ് ഫോർമാറ്റിൽ) ഇ-മെയിലിൽ (lsgseminar@gmail.com) ലഭ്യമാക്കേണ്ടതാണ്. **2025 ഫെബ്രുവരി 18**-നു മുമ്പ് പ്രബന്ധങ്ങളുടെ പൂർണരൂപം നൽകണം. പ്രബന്ധങ്ങളുടെ പൂർണരൂപം പഠനകോൺഗ്രസിന്റെ വെബ്സൈറ്റിൽ നൽകുന്നതാണ്. സംഗ്രഹങ്ങളും മുഖ്യപ്രഭാഷണങ്ങളും അച്ചടിച്ച് ലഭ്യമാക്കും.

## രജിസ്ട്രേഷൻ

- സെമിനാറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ http://akgcentre.in എന്ന വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
- സെമിനാറിൽ പങ്കെടുക്കുന്നവർക്ക് 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. വിദ്യാർത്ഥികൾക്ക് 250 രൂപ. സ്ഥാപനങ്ങൾക്ക് 2000 രൂപ (മൂന്ന് പേർക്ക് പങ്കെടുക്കാം). പ്രബന്ധാവതരകർക്കും പ്രത്യേക ക്ഷണിതാക്കൾക്കും ഫീസ് ഒഴിവാക്കുന്നതാണ്.
- താമസം, ഭക്ഷണം, പ്രബന്ധങ്ങൾ അടങ്ങിയ കിറ്റും കിറ്റും രെജിസ്റ്റർ ചെയ്യുവർക്ക് ലഭ്യമാക്കുന്നതാണ്.